ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നാദാപുരം ഗവൺമെൻറ് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റല്ലാത്ത ഡോക്ടർ ബാലകൃഷ്ണനെ സ്ഥലം മാറി പകരം അവിടെ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയുണ്ടായി. ഡോക്ടർ ബാലകൃഷ്ണൻറെ സ്ഥലം മാറ്റം ഹൈക്കോടതി സ്റ്റേ ചെയ്തതിൻറെ വെളിച്ചത്തിൽ ടി ഗൈനക്കോളജിസ്റ്റിന് അവിടെ ചാർജ്ജെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

മേഴിത്താടി പബ്ലിക് ഹെൽത്ത് സബ്സെൻറർ പ്രവർത്തനം

1105 [2034] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് നിയോജകമണ്ഡലത്തിലെ മേഴിത്താടി (മേത്തോട്ടം) ഗിരിജൻ കേന്ദ്രത്തിലേക്ക് അനുവദിച്ച പബ്ലിക് ഹെൽത്ത് സബ്സെൻറർ പ്രവർത്തനം തുടങ്ങിയോ;

(ബി) ഇല്ലെങ്കിൽ പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആര്യനാട് നിയോജകമണ്ഡലത്തിലെ മേഴിത്താടി (മേത്തോട്ടം) കോളനിയിൽ പബ്ലിക് ഹെൽത്ത് സബ്സെൻറർ അനുവദിച്ചിട്ടില്ല.

(ബി) ഒരു സബ്സെൻറർ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ട്.

പെരുമൺ ഗവൺമെൻറ് ഡിസ്പെൻസറിയിലെ രോഗികൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള സംവിധാനം

1106 [2035] ശ്രീ. തോപ്പിൽ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ ഗവൺമെൻറ് ഡിസ്പെൻസറി പ്രൈമറി ഹെൽത്ത് സെൻറർ ആയി ഉയർത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ രോഗികൾക്ക് കുറെക്കൂടി സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഗവൺമെൻറ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജി. ഒ. (എം. എസ്.) 215/85 ഹെ. ആൻറ് ഫാ. ഡി. 24-12-1985 പ്രകാരം, പെരുമൺ ഗവൺമെൻറ് ഡിസ്പെൻസറി, ഒരു പ്രാഥമികാരോഗ്യകേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly